## 15 -ാം കേരള നിയമസഭ

## 8 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5919** **16-03-2023 - ൽ മറുപടിയ്ക്ക്**

### തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഴി ലേബർ ബാങ്കുകൾ രൂപീകരിക്കുന്ന നടപടി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ ഇ ചന്ദ്രശേഖരൻ,<br>ശ്രീ . മുഹമ്മദ് മുഹസിൻ,<br>ശ്രീ. വി. ആർ. സുനിൽകുമാർ,<br>ശ്രീ. സി.സി. മുകുന്ദൻ** | | **ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി)** | |
| (എ) | തൊഴിലാളികളുടെ ദൗർലഭ്യം സംസ്ഥാനത്തെ കാർഷിക മേഖലയിലെ പ്രധാന പ്രതിസന്ധിയായി തീർന്നിട്ടുണ്ട് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | കാർഷിക മേഖലയിലെ സമഗ്ര വികസനത്തിനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഴി ലേബർ ബാങ്കുകൾ രൂപീകരിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; ഇത്തരത്തിൽ ഒരു മാതൃകാ പദ്ധതി തിരുവനന്തപുരം ജില്ലാ പഞ്ചായത്ത് നടപ്പിലാക്കിയിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | തദ്ദേശ ഭരണസ്ഥാപനങ്ങൾ പതിനാലാം പഞ്ചവത്സര പദ്ധതിയിലെ വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനായുള്ള ആസൂത്രണ മാർഗ്ഗരേഖ പ്രകാരം, ലഭ്യമായ മാനവ വിഭവ ശേഷിയുടെ വിവരങ്ങൾ ശേഖരിച്ച് മാൻപവർ ബാങ്കുകൾ ഗ്രാമപഞ്ചായത്ത് തലത്തിൽ രൂപീകരിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ കേരള പഞ്ചായത്ത് രാജ് നിയമം 166 (3) പ്രകാരം തൊഴിൽ സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും വികസന പ്രവർത്തനങ്ങൾ നടത്തുന്നതിനും മാൻപവർ ബാങ്കുകൾ രൂപീകരിക്കുന്നതിന് ഗ്രാമപഞ്ചായത്തുകളെ അധികാരപ്പെടുത്തിയിട്ടുണ്ട്. വിവിധ തലങ്ങളിലുള്ള തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, ഇത് പ്രകാരം ലേബർ ബാങ്കുകൾ രൂപീകരിക്കുന്നതിന് പ്രോജക്ടുകൾ ഏറ്റെടുത്തു വരുന്നു.<br><br>തിരുവനന്തപുരം ജില്ലാ പഞ്ചായത്ത് "ജില്ലാ ലേബർ ബാങ്ക്" എന്ന പേരിൽ ഒരു നൂതന പ്രൊജക്ട് ഏറ്റെടുത്തിട്ടുണ്ട്. ജില്ലാ പഞ്ചായത്ത് വിഹിതം, തെരഞ്ഞെടുത്ത 9 ഗ്രാമപഞ്ചായത്തുകളുടെ വിഹിതം, ഗുണഭോക്തൃ വിഹിതം എന്നിങ്ങനെ ആകെ 2 കോടി 90 ലക്ഷം രൂപയുടെ പ്രോജക്ട് ആണ് ഏറ്റെടുത്തിട്ടുള്ളത്. കാർഷിക മേഖലയിൽ നൂതന സാങ്കേതിക മുറകളിൽ അറിവും നൈപുണ്യവും ആർജ്ജിച്ച കർഷകത്തൊഴിലാളികളുടെ ദൗർലഭ്യം പരിഹരിക്കുന്നതിനും, വിദ്യാസമ്പന്നരായ യുവജനതയെ കർഷകത്തൊഴിൽ രംഗത്തേയ്ക്ക് കൊണ്ട് വരുന്നതിനും, കർഷകർക്ക് നിശ്ചിത |

| | | | |
|---|---|---|---|
| | | | ദിവസം തൊഴിൽ ഉറപ്പ് നൽകുന്നതിനും, കാർഷിക രംഗത്ത് മാർക്കറ്റിംഗിനായി ഫലപ്രദമായ ഒരു ഏകജാലക സംവിധാനം സൃഷ്ടിക്കാനുമാണ് പദ്ധതി കൊണ്ട് ഉദ്ദേശിക്കുന്നത്. ഒൻപത് ഗ്രാമ പഞ്ചായത്തുകളിലും ഇരുപത് വീതം അഭ്യസ്തവിദ്യരും ചെറുപ്പക്കാരുമായ ഗുണഭോക്താക്കളെ തെരഞ്ഞെടുത്തിട്ടുണ്ട്. |
| (സി) | പ്രാദേശിക തലത്തിൽ തൊഴിലാളികളെ കണ്ടെത്തി കാർഷിക മേഖലയിലെ ജോലികൾക്കായി ഡേറ്റാ ബാങ്ക് തയ്യാറാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ; | (സി) | പദ്ധതി ആസൂത്രണ മാർഗ്ഗരേഖ പ്രകാരവും കേരള പഞ്ചായത്ത് രാജ് നിയമ പ്രകാരവും ഗ്രാമപഞ്ചായത്തുകളുടെ ചുമതലയിൽ മാൻപവർ ബാങ്കുകൾ രൂപീകരിക്കുന്നതിന് വ്യവസ്ഥ ചെയ്യുന്നുണ്ട്. തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് മേൽ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ നടപടി സ്വീകരിക്കാവുന്നതാണ്. |
| (ഡി) | ഓരോ പഞ്ചായത്തിലെയും തൊഴിലാളികളുടെ വിവരങ്ങൾ ഉൾപ്പെടുത്തി മൊബൈൽ ആപ്പ് തയ്യാറാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ? | (ഡി) | നിലവിൽ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ